# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 29 — 04.06.2018-ൽ മറുപടിയ്ക്ക്

## ഹൃദയ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റുകളുടെ വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. കെ.എൻ.എ ഖാദർ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റുകളുടെ വിതരണം മുടങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റെന്റുകളുടെ വിതരണം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വളരെ വേഗം ഇക്കാര്യം പരിഹരിച്ചിട്ടുണ്ട്. മറ്റ് സർക്കാർ മെഡിക്കൽ കോളേജിൽ അത്തരത്തിലുള്ള സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | സ്റ്റെന്റുകൾ വിതരണം ചെയ്യു വകയിൽ കമ്പനികൾക്ക് എന്തെങ്കിലും തുക നൽകാനുണ്ടോ; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ഒഴികെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആറ് മാസത്തിൽ താഴെയുള്ള കാലയളവിലെ തുകകൾ മാത്രമാണ് നൽകാനുള്ളത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 2013 മുതൽ 2018 വരെ കാലയളവിൽ ഏകദേശം 13 കോടിയോളം തുക നൽകാനുണ്ടായിരുന്നതിൽ കെ.ബി.എഫ്, ചിസ്-പ്ലസ് സ്കീമുകളിൽ നിന്നും കഴിഞ്ഞ രണ്ടാഴ്ച്ചയ്ക്കുള്ളിൽ 5 കോടിയോളം രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 8 കോടിയോളം രൂപ വിവിധ സ്കീമുകളിൽ തുക ലഭ്യമാകുന്നതിന് അനുസരിച്ച് പാസാക്കി നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ്റ്റെന്റുകളുടെ വിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങിയിട്ടില്ല. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ചിസ്-പ്ലസ് സ്കീമിൽ നിന്നും തിരിച്ചെടുത്ത 5.26 കോടി രൂപ അനുവദിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്റ്റെന്റ് വിതരണം ചെയ്യുന്ന കമ്പനികൾക്ക് 2013 മുതൽ നൽകാനുള്ള തുക സംബന്ധിച്ച ബില്ലുകൾ വിശദ പരിശോധനയ്ക്ക് ശേഷം പാസാക്കി നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്. KHRWS കാത്ത് ലാബിലെ ബില്ലിംഗ് മേൽനോട്ടത്തിന് ഒരു ഉദ്യോഗസ്ഥനെ പുതുതായി നിയമിച്ചിട്ടുണ്ട്. രണ്ട് ലാബുകളും കമ്പ്യൂട്ടറൈസ് ചെയ്യുകയും സൂപ്രണ്ട് ഓഫീസിലെ പേയ്മെന്റ് സെക്ഷൻ കുറച്ചുകൂടി മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ